കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തി വികസനം - തൊടുപുഴ നിയോജക മണ്ഡലം - ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ഭരണാനുമതി - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം. 2202/2018/തസ്വഭവ തിരുവനന്തപുരം, തീയതി,09.08.2018.

---

വായന :-

(1) ജി.ഒ.(സാധാ) നം. 332/12/ധന തിയതി 11/06/2012

(2) സർക്കുലർ നം 54/14/ധന തീയതി 03/06/2014

(3) സ.ഉ(സാധാ) 872/2017/LSGD തീയതി 25.03.2017

(4) ശ്രീ.പി.ജെ ജോസഫ് എം.എൽ.എയുടെ 08/05/2018 ലെ കത്ത്

(5) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള Ltd. ന്റെ 11/04/2018 ലെ സിൽക്ക്/45/സിഒ/ക്യൂഎസ്എഫ്/സിഡി/2018-19/056 നമ്പർ കത്ത്

## ഉത്തരവ്

തൊടുപുഴ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.ജെ ജോസഫ് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും തൊടുപുഴ നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 81,00,000/- രൂപക്ക് (എൺപത്തി ഒന്ന് ലക്ഷം രൂപ മാത്രം )മുകളിൽ മൂന്നാമതായി വായിച്ച ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിരുന്നു. ടി പ്രവൃത്തി ഗവ. അക്രഡിറ്റഡ് ഏജൻസിയായ സിൽക്കിനെ ചുമതലപ്പെടുത്തിക്കൊണ്ട് നടത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് മുകളിൽ നാലാമതായി വായിച്ച കത്ത് പ്രകാരം ശ്രീ.പി.ജെ ജോസഫ് എം.എൽ.എ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള Ltd (SILK) പ്രോജക്റ്റ് മാനേജർ അഞ്ചാമതായി വായിച്ച കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.ജെ ജോസഫ് എം.എൽ.എയുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ തൊടുപുഴ നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (ആകെ അടങ്കൽ തുകയായ 81,00,000/- രൂപക്ക്) എന്ന

പ്രവൃത്തി ഗവ.അക്രഡിറ്റഡ് ഏജൻസിയായ SILK മുഖേന നടപ്പിലാക്കുന്നതിന് വായന മൂന്നിലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. ഇതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

4.മേൽ ഭേദഗതിയോടെ മുകളിൽ മൂന്നാമതായി വായിച്ച സർക്കാർ ഉത്തരവ് നിലനില്ക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ശ്രീ പി ജെ ജോസഫ്, എം. എൽ. എ (ആമുഖ കത്ത് സഹിതം )
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി,തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രോജക്ട് മാനേജർ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK),അത്താണി പി ഒ, Thrissur-680581
ധനകാര്യ വകുപ്പ്(File 6073/NC-B3/2017/Fin ,03/08/2018,Finance (Nodal Centre-B)Department)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ